ലോകാ: സപാലാ യസ്യേമേ ശ്വസന്തി വിവശാ വശേ
ദ്വിജാ ഇവ ശിചാ ബദ്ധാ: സ കാല ഇഹ കാരണം (6-12-19)
ഓജ: സഹോ ബലം പ്രാണമമൃതം മൃത്യു മേവച
തമജ്ഞായ ജനോ ഹേതുമാത്മാനം മന്യതേ ജഡം (6-12-19)
തസ്മാദകീർത്തിയശസോർജ്ജയാപജയയോരപി
സമ: സ്യാത് സുഖദു:ഖാഭ്യാം മൃത്യുജീവിതയോസ്തഥാ (6-12-19)

ശുകമുനി തുടർന്നു: വാസ്തവത്തിൽ വൃത്രന് വിജയത്തേക്കാൾ മരണമായിരുന്നു അഭികാമ്യം. എങ്കിലും ഒരു യോദ്ധാവിന്റെ പടക്കളത്തിലെ ധർമ്മവും ഭഗവേച്ഛയും കണക്കിലെടുത്ത് അയാൾ തന്റെ ത്രിശൂലവുമായി ഇന്ദ്രന്റെ അടുത്തേക്ക് കുതിച്ചു. ഇന്ദ്രൻ ത്രിശൂലത്തെ തടുത്തു നിർത്തി, വൃത്രന്റെ കൈകളിലൊന്ന് തന്റെ വജ്രായുധത്താൽ വെട്ടിമാറ്റി. മറ്റേക്കയ്യുകൊണ്ട് വൃത്രൻ ഗദയെറിഞ്ഞതിന്റെ ഊക്കിൽ ഇന്ദ്രന്റെകയ്യിൽ നിന്നും വജ്രായുധം താഴെ വീണു. ഇന്ദ്രന് സ്വയം നാണക്കേടു തോന്നി. വൃത്രനാകട്ടെ, ഇന്ദ്രനോട് താഴെ വീണുകിടക്കുന്ന ആയുധമെടുത്ത് യുദ്ധം തുടരാൻ ശാന്തനായി പറഞ്ഞു.

“അല്ലയോ ഇന്ദ്രാ, നിന്റെ ശത്രുവിനെ വജ്രായുധം കൊണ്ട് കൊന്നാലും. ഇപ്പോൾ വിഷണ്ണനാവരുത്. വിജയവും പരാജയവും സേനാബലത്തെ ആശ്രയിച്ചല്ല, മറിച്ച് ഭഗവേച്ഛ അനുസരിച്ചാണുണ്ടാവുന്നത്. എല്ലാ ലോകങ്ങളും അവയുടെ അധിദേവതകളും അവിടുത്തെ നിയന്ത്രണത്തിലാണ്. കാലമായി വർത്തിച്ചുകൊണ്ട് കൂട്ടിലിട്ട കിളികളെപ്പോലെ അവർ ഭഗവേച്ഛ നിറവേറ്റുക മാത്രമാണ് ചെയ്യുന്നത്. ഊർജ്ജം, ശക്തി, ജീവ:ശക്തി, മരണം, അമരത്വം എന്നിവയിലൂടെയെല്ലാം വർത്തിച്ചുകൊണ്ട് അവിടുന്നു വാണരുളുന്നു. ഇതിനെക്കുറിച്ച് മനസിലാക്കാത്തവർ കർമ്മങ്ങളേയും കർമ്മഫലങ്ങളേയും സ്വന്തമെന്നു നിനയ്ക്കുന്നു. അവിടുത്തെ ഇച്ഛയില്ലാതെ ജീവാത്മാവും പ്രകൃതിയും എല്ലാം തികച്ചും ശക്തിരഹിതമാണ്. സൃഷ്ടിസ്ഥിതിസംഹാരങ്ങൾ അവയ്ക്ക് സ്വയം സാദ്ധ്യവുമല്ല. ഭഗവാൻസ്വയം ജീവികളെ ലോകത്തിൽ ജനിപ്പിക്കുന്നു. അച്ഛനമ്മമാർ വെറുമൊരു നിമിത്തം മാത്രം. ജീവനെടുക്കുന്നതും അവിടുന്നു തന്നെ. മറ്റുള്ളവർ വെറും നിമിത്തം മാത്രം. ജിവിതം, ഐശ്വര്യം, പ്രശസ്തി തുടങ്ങിയ അനുഗ്രഹങ്ങൾ തുടങ്ങി ഒരുവൻ ആസ്വദിക്കുന്ന കാര്യങ്ങൾ അതാതിന്റെ സമയങ്ങളിൽ അവനെ ബാധിക്കുന്നു. മറ്റുസമയങ്ങളിൽ അവന് ദു:ഖമുണ്ടാക്കുന്ന കാര്യങ്ങളാവും ഉണ്ടാവുക. അതുകൊണ്ട് ഒരുവൻ പ്രശസ്തിയിലും കുപ്രശസ്തിയിലും തുല്യമനസ്കനായിരിക്കണം. ജയം, പരാജയം, സുഖദുഖ:ങ്ങൾ, ജനനമരണങ്ങൾ എന്നിവയെ ഒരുപോലെ കാണണം. ഇന്ദ്രാ, എന്നെ നോക്കൂ പരാജയം എന്നെ വന്നുമുട്ടുമ്പോഴും ഞാൻ കഷ്ടപ്പെട്ടു പോരാടുന്നു. യുദ്ധം വെറുമൊരു ചൂതാട്ടമാണ്. ആരാണ് ജയിക്കുക എന്ന് ആർക്കുമറിയില്ല. അത് നമ്മുടെ കയ്യിലല്ല താനും.”

വൃത്രന്റെ വിജ്ഞാനത്തിൽ ഇന്ദ്രന് ആദരവു തോന്നി. “നീ തീർച്ചയായും നിന്റെ രാക്ഷസീയതയിൽനിന്നും മോചിതനായിരിക്കുന്നു. വൃത്രാ, നിന്റെ വിജ്ഞാനത്താൽ നീ ഒരു ശ്രേഷ്ഠപദവിയിൽ എത്തിച്ചേർന്നിരിക്കുന്നു. ഇത് വലിയൊരത്ഭുതം തന്നെ. ഇങ്ങിനെ ധർമ്മത്തിന്റെ മഹോന്നതകാര്യങ്ങളെപ്പറ്റി പറഞ്ഞുകൊണ്ടവർ യുദ്ധം തുടർന്നു. ഇന്ദ്രൻ വൃത്രന്റെ കയ്യ് തന്റെ വജ്രായുധത്താൽ മുറിച്ചു വീഴ്ത്തി. പിടിച്ചിരുന്ന ഗദയോടെ അത് നിലം പതിച്ചു. പടക്കളത്തിൽ വീണുകിടക്കുന്ന വൃത്രൻ വായ്തുറന്ന് ഇന്ദ്രനെ അപ്പാടെ വിഴുങ്ങിക്കളഞ്ഞു. എങ്കിലും ഇന്ദ്രൻ മരിച്ചില്ല. രാക്ഷസന്റെ വയറ് ദിവ്യായുധംകൊണ്ട് പിളർന്നു കീറി ഇന്ദ്രൻ പുറത്തു വന്നു. അവസാനം ഇന്ദ്രൻ വജ്രായുധംകൊണ്ട് വൃത്രന്റെ തലയും അറുത്തു മാറ്റി. വൃത്രന്റെ ശരീരത്തിൽ നിന്നും ഒരു തേജ:പുഞ്ജം പുറത്തുവന്ന് ഭഗവാനിൽ വിലയം പ്രാപിച്ചു.